KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.128/PR/PIC/PHQ/13 Date : 26.11.2013

# ടെസ്റ്റ് യോഗ്യത നേടിയ സിവിൽ പോലീസ് ഓഫീസർമാരെ അന്വേഷണച്ചുമതല ഏൽപ്പിക്കാൻ അനുമതി

ഹെഡ് കോൺസ്റ്റബിൾ ആകുന്നതിനുള്ള പ്രമോഷൻ ടെസ്റ്റ് യോഗ്യത നേടിയ സിവിൽ പോലീസ് ഓഫീസർമാരെ എംവി ആക്ട് 184, 185, ഐപിസി 279, 337, 427, 447 വകുപ്പുകൾ പ്രകാരമുള്ള കേസുകളുടെയും വർഗ്ഗീയ-രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധമില്ലാത്ത ലഘു സംഘട്ടന കേസുകളുടെയും അന്വേഷണച്ചുമതല ഏൽപ്പിക്കാൻ അനുമതി നൽകി സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് നേരത്തെ ഇറങ്ങിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സർക്കുലർ. ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ ചുമതലയുള്ള ഓഫീസറുടെ അനുമതിയോടെ മാത്രമേ ഇപ്രകാരം അന്വേഷണം നടത്താവൂ. അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളെ വിളിച്ചു വരുത്താനും സ്റ്റേറ്റ്മെന്റുകൾ രേഖപ്പെടുത്താനും ഇവർക്ക് അധികാരം നൽകിയിട്ടുണ്ട്.

സാധാരണ കേസുകൾ സീനിയർ സിവിൽ പോലീസ് ഓഫീസർമാരും കൂടുതൽ ഗൗരവ സ്വഭാവമുള്ള കേസുകൾ എസ്.ഐ. മുതലുള്ള മുതിർന്ന ഉദ്യോഗസ്ഥരും ആയിരുന്നു ഇതുവരെ അന്വേഷിച്ചിരുന്നത്. ഇത് മുതിർന്ന ഉദ്യോഗസ്ഥരുടെ അന്വേഷണ ഭാരം കൂട്ടുന്നതിനും കേസുകൾ കെട്ടിക്കിടക്കുന്നതിനും ഇടയാക്കുന്നുവെന്നു കണ്ടതിനെ തുടർന്നാണ് ഇപ്പോൾ സാധാരണ കേസുകളുടെ അന്വേഷണ ചുമതല ടെസ്റ്റ് യോഗ്യതയുള്ള സിവിൽ പോലീസ് ഓഫീസർമാർക്കുകൂടി നൽകുന്നത്. പുതിയ തീരുമാനം കേസുകളുടെ അന്വേഷണം വേഗത്തിലാക്കാനും മുതിർന്ന ഉദ്യോഗസ്ഥരുടെ അന്വേഷണഭാരം കുറയ്ക്കാനും ഗൗരവ സ്വഭാവമുള്ള കേസുകളിൽ അവർക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വഴിയൊരുക്കും. കേസുകളുടെ എണ്ണം കാര്യമായി കുറയ്ക്കാനും ക്രമസമാധാന നില കൂടുതൽ മെച്ചപ്പെടുത്താനും ഇതുവഴി കഴിയും.

**************

The contents of this document may be deemed to be based on received information which is subject to further verification